തലശ്ശേരി മുനിസിപ്പാലിറ്റി
പിൻ കോഡ്- 670101
GSTIN:32AAALS3288A1ZA ഫോൺ നമ്പർ : 0490-2320051
https://thalasserymunicipality.lsgkerala.gov.in,
thalasserymunicipality@gmail.com

നമ്പർ: 1137242-2024 തീയതി : 18-06-2026

## ലേലം/ടെണ്ടർ /ഓഫർ നിബന്ധനകൾ

തലശ്ശേരി നഗരസഭയുടെ ഉടമസ്ഥതയിലുള്ളതും നിലവിൽ ഒഴിഞ്ഞുകിടക്കുന്നതുമായ മുനിസിപ്പൽ ടൗൺ ഹാൾ കോംപ്ലക്സിലെ 9 മുറികൾ,പുതിയ ബസ്സ്റ്റാന്റ് അരയാലിനുസമീപമുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ 8 മുറികൾ ,മൂപ്പൻസ് കോംപ്ലക്സിലെ 4 മുറികൾ , ജൂബിലി കോംപ്ലക്സിലെ 8 മുറികൾ,പുതിയ ബസ്സ്റ്റാന്റ് പഴയ ഷോപ്പിംഗ് കോംപ്ലക്സിലെ 7 മുറികൾ , കീർത്തി ഷോപ്പിംഗ് കോംപ്ലക്സിലെ 4 മുറികൾ, ടി ബി കോംപ്ലക്സിലെ 1 മുറി,കണ്ടിക്കൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ 2 മുറികൾ,ജൂബിലി മാർക്കറ്റിലെ 1 മുറി ,മഞ്ഞോടി മത്സ്യമാർക്കറ്റ് കെട്ടിടത്തിലെ 17 മുറികൾ എന്നിവ 04.07.2026 തീയ്യതിയിൽ രാവിലെ 11 മണിക്ക് നഗരസഭാ കൗൺസിൽ ഹാളിൽ വെച്ച് മത്സരാടിസ്ഥാനത്തിൽ പരസ്യമായി ലേലം നടത്തുന്നതിന് /ഓഫർ ക്ഷണിക്കുന്നതിന് തിരുമാനിച്ചിട്ടുണ്ട്.

ലേലത്തിൽ പങ്കെടുക്കുന്നവർ 03.07.2026 ന് വൈകുന്നേരം 3 മണിവരെ നഗരസഭാ ഓഫീസിൽ നിന്നും നിശ്ചിത വിലയ്ക്ക് ലഭിക്കുന്ന ലേലം/ടെണ്ടർ ഫോറത്തിന് നിശ്ചിത തുക നഗരസഭ ഓഫീസിൽ ഒടുക്കിയതിന്റെ രശീത് സഹിതം ടെണ്ടർ/ലേലം ആരംഭിക്കുന്നതിനുമുൻപ് അന്നേ ദിവസം രാവിലെ 10.45 മണിക്കകം സമർപ്പിക്കേണ്ടതാണ്. ലേലം/ടെണ്ടർ എന്നിവയിൽ പങ്കെടുക്കുന്നവർ ഓരോ മുറിയ്ക്കും പ്രത്യേകം നിശ്ചിത (25000/-) രൂപയുടെ നിരത ദ്രവ്യം ലേലം നടത്തുന്ന ഉദ്യോഗസ്ഥൻ മുൻപാകെ കെട്ടിവെക്കേണ്ടതുമാണ്. ഓഫറിൽ ഉൾപ്പെടുത്തിയിട്ടുള്ള മുറികൾക്ക് E M D ആയി 25000/- രൂപയുടെ ഡി ഡി ഉള്ളടക്കം ചെയ്ത് സീൽഡ് കവർ സഹിതം സമർപ്പിക്കേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുന്ന ഏതൊരു വ്യക്തിക്കോ കമ്പനിക്കോ സഹകരണ സ്ഥാപനത്തിനോ കാലാകാലങ്ങളിൽ ഇതു സംബന്ധിച്ച് കേന്ദ്ര/സംസ്ഥാന സർക്കാറോ മുനിസിപ്പാലിറ്റിയോ മറ്റു അധികൃതരോ പുറപ്പെടുവിക്കുന്ന നിബന്ധനകൾക്ക്

വിധേയമായി ടെണ്ടർ/ലേലത്തിൽ പങ്കെടുക്കുന്നതിനും കെട്ടിടം ഏറ്റെടുക്കുന്നതിനും അർഹതയുള്ളതാണ്.

പട്ടിക പ്രകാരം സംവരണം ചെയ്തിട്ടുള്ള വിഭാഗത്തിലെ ഐറ്റങ്ങൾ ടി വിഭാഗത്തിൽ ഉൾപ്പെടുന്നവർക്ക് മാത്രമായിരിക്കും ടെണ്ടർ/ലേലം പരിഗണിക്കുന്നത്. എന്നാൽ ടി വിഭാഗത്തിൽ ഉൾപ്പെട്ടവർ 2 തവണ ലേലത്തിൽ പങ്കെടുക്കാത്ത സാഹചര്യത്തിൽ ആയത് പൊതു വിഭാഗത്തിൽപ്പെടുത്തി ടെണ്ടർ/ലേലം നടത്തുന്നതിന് നഗരസഭയ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്നവർ ലേലം/ ടെണ്ടർ നടപടികൾക്ക് പങ്കെടുക്കുമ്പോൾ തങ്ങളുടെ ജാതി തെളിയിക്കുന്ന നിയമാനുസൃത സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട അധികാരികളിൽ നിന്നും വാങ്ങി ഹാജരാക്കേണ്ടതാണ്. ആയത് പരിശോധിച്ച് ഉറപ്പ് വരുത്തി ബോധ്യപ്പെടുന്ന മുറയ്ക്ക് മാത്രമാണ് ലേലം/ടെണ്ടറിൽ പങ്കെടുക്കാൻ കഴിയുന്നത്.

പട്ടികയിൽ പറയുന്ന സ്ഥലം/മുറികൾ എന്നത് ആദ്യം പറയുന്ന ക്രമ നമ്പർ പ്രകാരം ലേല നടപടികൾ ആരംഭിക്കുന്നതും ലേലം പൂർത്തിയായ ശേഷം പ്രസ്തുത മുറി/സ്ഥലം എന്നിവയ്ക്ക് നിയമാനുസൃതമായി നിശ്ചിത ടെണ്ടർ ഫോറത്തിൽ രേഖപ്പെടുത്തിയ ടെണ്ടർ ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് തുറന്ന് പരിശോധിക്കുന്നതും ടെണ്ടർ പ്രകാരമോ ലേല പ്രകാരമോ എന്നതിൽ ഏതാണ് കൂടുതൽ തുകയ്ക്ക് ക്വാട്ട് ചെയ്തിട്ടുള്ളത് എന്നത് സാധാരണ രീതിയിൽ താൽക്കാലികമായി അന്ന് തന്നെ ഉറപ്പിക്കുന്നതും ഡെപ്പോസിറ്റ് തുകയുടെ 50% തുക അന്ന് തന്നെ നഗരസഭ ഫണ്ടിൽ ഒടുക്കേണ്ടതുമാണ്. കൂടാതെ 200/- രൂപയുടെ മുദ്രപത്രത്തിൽ അന്ന് തന്നെ താല്ക്കാലികമായി കരാർ ഉടമ്പടികൾ ഒപ്പ് വെയ്ക്കേണ്ടതുമാണ്. കൂടാതെ ബാക്കി വരുന്ന ഡെപ്പോസിറ്റ് തുക ലേലം നിയമാനുസൃതം ഉറപ്പിക്കുന്ന മുറയ്ക്ക് അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനകം നഗരസഭാ ഫണ്ടിൽ ഒടുക്കേണ്ടതും നിയമാനുസൃത കരാർ ഉടമ്പടി വെയ്ക്കേണ്ടതും, ടി തീയ്യതി മുതൽ ലൈസൻസ് ഫീസ് ഒടുക്കേണ്ടതുമാണ്. അല്ലാത്തപക്ഷം നഗരസഭയിൽ ഒടുക്കി ഡെപ്പോസിറ്റ് തുക നഗരസഭ ഫണ്ടിൽ വരവ് വെയ്ക്കുന്നതും ലേലത്തിൽ കൈപ്പറ്റിയവരുടെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം/ടെണ്ടർ നടത്തുന്നതുമാണ്. (ഇത്തരം മുറികളിൽ നഗരസഭയിൽ ഒടുക്കിയ തുക റീഫണ്ട് ചെയ്തു നൽകുന്നതായിരിക്കുന്നതല്ല.)

തലശ്ശേരി നഗരസഭയിൽ നിലവിൽ ഏതെങ്കിലും കരാർ ലംഘനം തുടരുന്ന വ്യക്തികൾക്കും സ്ഥാപനങ്ങളുടെ ലൈസൻസികൾക്കും (പാർട്ട്ണർമാർ ഉൾപ്പെടെ ) മുനിസിപ്പാലിറ്റിയിൽ ഏതെങ്കിലും തുക കുടിശ്ശിക നിലനിൽക്കുന്നവർക്കും 18 വയസ്സ് പൂർത്തിയാകാത്തവർക്കും പാപ്പരായി കോടതി/സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളവർക്കും ദേശവിരുദ്ധ പ്രവർത്തനം, ഭീകര പ്രവർത്തനങ്ങൾ എന്നിവയിൽ ഉൾപ്പെടുന്നവർക്കും ഒരു തരത്തിലും മുറി/സ്ഥലം എന്നിവയുടെ ടെണ്ടർ/ലേലത്തിൽ പങ്കെടുക്കാൻ അർഹരല്ലാത്തതാണ്. ഇത്തരത്തിൽ ഉള്ളവർ ഏതെങ്കിലും തരത്തിൽ ലേലം/ടെണ്ടർ കൈവന്നിട്ടുണ്ടെങ്കിൽ നഗരസഭ

കൗൺസിൽ/നഗരസഭ സെക്രട്ടറി എന്നിവർക്ക് ബോധ്യപ്പെടുന്ന സാഹചര്യത്തിൽ അന്ന് തന്നെ മുറി/സ്ഥലം ഒരറിയിപ്പും കൂടാതെ തിരിച്ചെടുക്കുന്നതായിരിക്കുന്നതാണ്.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള മുറികൾ നഗരസഭ നിശ്ചയിച്ചിട്ടുള്ള താൽക്കാലിക സമയപരിധി വരെ താൽക്കാലിക ലൈസൻസ് വ്യവസ്ഥയിൽ നൽകുമ്പോൾ ഓരോ ഇനത്തിലും നഗരസഭ കൗൺസിൽ നിശ്ചയിച്ച ലൈസൻസ് ഫീ നിരക്കിൽ പരമാവധി അധികം ക്വാട്ട് ചെയ്യുന്ന സംരംഭകർക്കായിരിക്കും സാധാരണ മുറി താൽക്കാലിക നിശ്ചിത സമയപരിധിവരെ മാത്രം നൽകുന്നതാണ്.

നഗരസഭയുടെ കെട്ടിടം/സ്ഥലം എന്നിവ താൽക്കാലിക ലൈസൻസ് വ്യവസ്ഥയിൽ 3 വർഷത്തേക്കാണ് അനുവദിച്ചു നൽകുന്നത്. ആയതിന്റെ കാലാവധി കഴിയുന്നതിന് 3 മാസം മുൻപ് ലൈസൻസ് കാലാവധി നീട്ടി കിട്ടുന്നതിനുള്ള അപേക്ഷ നൽകുന്നതിന് ലൈസൻസികൾക്ക് അനുവാദമുണ്ടായിരിക്കുന്നതാണ്. എന്നാൽ ആയത് പുതുക്കി നൽകുന്നതിനുള്ള താൽക്കാലിക ലൈസൻസികൾക്ക് കോടതിയിൽ നിയമനടപടികൾ ഉൾപ്പെടെയുള്ള മറ്റൊരു നടപടികൾക്കും യാതൊരു അവകാശവുമില്ലാത്തതാണെന്നും ടി കെട്ടിടത്തിന്റെയും സ്ഥലത്തിന്റെയും മുഴുവൻ അധികാരവും ഉടമസ്ഥൻ എന്ന നിലയിൽ നഗരസഭ കൗൺസിലിന് മാത്രമായിരിക്കുന്നതാണ്.

താൽക്കാലിക ലൈസൻസികളിൽ നിന്നും ലഭ്യമാകുന്ന അപേക്ഷയിൽ ലൈസൻസ് പുതുക്കി നൽകുന്ന അവസരത്തിൽ ലൈസൻസ് ഫീസ്/ഡെപ്പോസിറ്റ് നിരക്ക് എന്നിവ വർദ്ധിപ്പിക്കുന്നതിനുള്ള (ലൈസൻസ് ഫീസിന് ആനുപാതികമായോ അല്ലെങ്കിൽ നഗരസഭ കൗൺസിൽ നിശ്ചയിക്കുന്ന തരത്തിലോ) അധികാരം നഗരസഭ കൗൺസിലിനുണ്ടായിരിക്കുന്നതാണ്.

ലൈസൻസ് പുതുക്കുന്നതിന് നിശ്ചിത സമയപരിധിക്കകം അപേക്ഷ നൽകാത്ത സാഹചര്യത്തിൽ അനുവദിച്ച തീയ്യതി കരാർ അവസാനിച്ചതായും കെട്ടിടം സംബന്ധിച്ച് മറ്റ് യാതൊരു ബാധ്യതകളും ഇല്ലാതെ തിരികെ നഗരസഭയിൽ നിക്ഷിപ്തമായതായിരിക്കുന്നതും ആയത് പലിശ നിരക്ക് രഹിത നിക്ഷിപ്തമായതായി കണക്കാക്കേണ്ടതുമാണ്. ഓരോ കെട്ടിടത്തിനെയും സംബന്ധിച്ച് പ്രതിമാസ ലൈസൻസ് ഫീസ് ഓരോ മാസം 10-ാം തീയ്യതിയ്ക്ക് മുൻപായി അഡ്വാൻസ് അടക്കേണ്ടതായും കൂടാതെ ലൈസൻസ് ഫീസ് തുകയുടെ കൂടെ കേന്ദ്ര/സംസ്ഥാന സർക്കാരുകൾ, നഗരസഭയുടെ സേവന നികുതിയും മറ്റ് അധികാര സ്ഥാപനങ്ങളും നിശ്ചയിക്കുന്ന നികുതികളും ഒടുക്കേണ്ടതാണ്. വീഴ്ചവരുത്തുന്ന പക്ഷം നിയമാനുസൃതമായി നിശ്ചയിച്ച പിഴ വസൂൽ ചെയ്യുന്നതുമാണ്. കൂടാതെ തുടർച്ചയായ 3 മാസം പ്രതിമാസ ലൈസൻസ് ഫീസും ആയതിന്റെ നികുതി തുകയും ഉൾപ്പെടെയുള്ളവ നഗരസഭാ ഫണ്ടിൽ ഒടുക്കാത്തപക്ഷം മുറിയുടെ ലൈസൻസ് മറ്റൊരറിയിപ്പും കൂടാതെ നിശ്ചിത സമയപരിധിക്കകം തന്നെ റദ്ദു

ചെയ്തതായി കണക്കാക്കേണ്ടതുമാണ്. തുടർന്ന് മറ്റൊരറിയിപ്പും നൽകാതെ തന്നെ പുനർലേലം ചെയ്യുന്നതുമായിരിക്കുന്നതുമാണ്.

അനുവദിക്കപ്പെട്ടിട്ടുള്ള മുറികൾ/സ്ഥലം നഗരസഭയുടെ അനുമതിയില്ലാതെ കൈമാറ്റം ചെയ്യുവാനോ മേൽ വാടകയ്ക്ക് നൽകാനോ ലൈസൻസികൾ/ അവകാശികൾ എന്നിവർക്ക് യാതൊരുവിധ അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതല്ല.

ഓരോ കെട്ടിടവും/സ്ഥലവും ലൈസൻസ് എടുക്കുന്ന വ്യക്തിയിൽ നിന്നും ലഭിക്കേണ്ട തുകയും നഷ്ടപരിഹാര തുകയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെയും നിലവിൽ നിലനിൽക്കുന്ന കുടിശ്ശിക എന്ന് കണക്കാക്കി വസൂലാക്കുന്നതിനുള്ള മുഴുവൻ റിക്കവറി നിയമപ്രകാരവും വസൂൽ ചെയ്യുന്നതിന് റവന്യു റിക്കവറി നടപടികളും കൂടാതെ ആയതിന്റെ നിയമാനുസൃത നിയമനടപടികളും സ്വീകരിക്കുന്നതിന് നഗരസഭയ്ക്ക് അധികാരവും അവകാശ വുമുണ്ടായിരിക്കുന്നതാണ്.

അനുവദിക്കുന്ന മുറി/സ്ഥലത്തിന് വൈദ്യുതി സ്ഥാപിക്കുവാൻ ഒ.വൈ.ഇ.സി ഇനത്തിൽ നഗരസഭ ചെലവാക്കിയ തുക ഡെപ്പോസിറ്റിനു പുറമെ നഗരസഭ ആവശ്യപ്പെട്ട 7 ദിവസത്തിനുള്ളിൽ ഓഫീസിൽ അടക്കേണ്ടതാണ്. അനുവദിച്ച മുറി/സ്ഥലം എന്നിവയ്ക്ക് ആവശ്യമായ വാട്ടർ സപ്ലൈ, വൈദ്യുതി കണക്ഷൻ എന്നിവ ലൈസൻസിയുടെ സ്വന്തം ചെലവിൽ മുനിസിപ്പൽ സെക്രട്ടറിയുടെ ഔദ്യോഗിക പേരിൽ മുനിസിപ്പൽ എഞ്ചിനീയറുടെ മേൽ നോട്ടത്തിലും നിർദ്ദേശാനുസരണവും സ്ഥാപിക്കേണ്ടതാണ്. അപ്രകാരം സ്ഥാപിക്കുന്ന കണക്ഷൻ സംബന്ധിക്കുന്ന എല്ലാ സാമഗ്രികളും മുനിസിപ്പൽ സ്വത്തായി തീരുന്നതും ആയതിന് ഒരിക്കലും യാതൊരുവിധ നഷ്ടപരിഹാരവും ആവശ്യപ്പെടുന്നതിന് താൽക്കാലിക ലൈസൻസി എന്ന നിലയിൽ ഒരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

ഇലക്ട്രിക്കൽ ചാർജ്ജ്, വാട്ടർ കണക്ഷൻ ഇനത്തിലുള്ള തുക അതാത് മാസം താൽക്കാലിക ലൈസൻസികൾ തന്നെ ബന്ധപ്പെട്ട ഓഫീസിൽ ഒടുക്കേണ്ടതാണ്. കൂടാതെ വാട്ടർ കണക്ഷൻ, വൈദ്യുതി കണക്ഷൻ എന്നിവയിൽ തുടർന്നുണ്ടാക്കുന്ന മുഴുവൻ മെയിന്റനൻസും ബന്ധപ്പെട്ട താൽക്കാലിക ലൈസൻസിയിൽ തന്നെ നിർവ്വഹിക്കേണ്ടതാണ്. ഇലക്ട്രിക്കൽ ചാർജ്ജ്, വാട്ടർ കണക്ഷൻ ചാർജ്ജ് ടി ഇനത്തിലുള്ള മെയിന്റനൻസ് ചാർജ്ജ് എന്നിവയ്ക്കും മറ്റ് നിർമ്മാണ പ്രവൃത്തികൾക്കും ടി മുറിയിൽ ലൈസൻസികൾ വഹിക്കുന്ന ഒരു തുകയ്ക്കും ഒരിക്കലും നഗരസഭയിൽ നിന്നും നഷ്ടപരിഹാരം ലഭ്യമാക്കുന്നതല്ല.

ലേലം/ടെണ്ടർ നിബന്ധനകളുടെയും കരാർ ഉടമ്പടികൾ പ്രകാരവും നഗരസഭയുടെ ഉടമസ്ഥതയിലുള്ള മുറി/സ്ഥലം കൈക്കൊണ്ടിട്ടുള്ള താൽക്കാലിക ലൈസൻസികൾ നിബന്ധനകൾ പാലിക്കാത്തത് കാരണവും പ്രതിമാസ ലൈസൻസ് ഒടുക്കാതെയും മുറികൾ നിയമാനുസൃതം തിരിച്ചെടുക്കുന്നപക്ഷം ലൈസൻസി നഗരസഭയിൽ ഒടുക്കിയ

ഡെപ്പോസിറ്റ് തുക ഒരു കാരണത്താലും ലൈസൻസികൾക്ക് തിരിച്ചു നൽകുന്നതല്ലാത്തതും ആയത് അനുവദിക്കുന്നതിന് ലൈസൻസികൾക്ക് യാതൊരുവിധ നിയമനടപടികൾക്കും അവകാശവും അധികാരവുമില്ലാത്തതാണ്.

നഗരസഭ അനുവദിച്ച സ്ഥലം/മുറികൾ എന്നിവ താൽക്കാലിക ലൈസൻസികൾ നഗരസഭയ്ക്ക് നിയമാനുസ്യതം തിരിച്ചു നൽകുന്ന സാഹചര്യത്തിൽ ടി മുറി പുനർലേലം ചെയ്ത് മറ്റൊരു ലൈസൻസികൾക്ക് കൈമാറുന്നതുവരെ മുൻ ലൈസൻസി (ഒഴിഞ്ഞു പോകുന്നവർക്ക്) ഡെപ്പോസിറ്റ് തുകയിൽ യാതൊരു അവകാശവുമുണ്ടായിരിക്കുന്നതല്ല.

ഡെപ്പോസിറ്റ് തുകയിൽ നഗരസഭയിൽ ഒടുക്കുന്ന തുകയ്ക്ക് ഒരു കാരണവശാലും പലിശ/ പിഴപ്പലിശ എന്നിവ അനുവദിക്കുന്നതല്ല.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്ഥലം/മുറികൾ നിയമാനുസ്യതം തിരിച്ചു നൽകുന്ന സാഹചര്യത്തിൽ പുനർലേല നടപടികൾ ചെയ്യുമ്പോൾ മുൻലേലം കൈക്കൊണ്ട തുകയിൽ (ഡെപ്പോസിറ്റ്, പ്രതിമാസ ലൈസൻസ് ഫീസ് എന്നിവയിൽ) തുടർന്ന് നഷ്ടമുണ്ടാക്കുന്ന സാഹചര്യത്തിൽ കൈമാറ്റ തീയ്യതി വരെയുള്ള നഗരസഭയ്ക്ക് ടി ഇനത്തിൽ ഉണ്ടാക്കുന്ന നഷ്ടം (കുറവ് സംഖ്യ) മുൻ ലൈസൻസിയുടെ ഡെപ്പോസിറ്റ് തുകയിൽ നിന്നും കണ്ടെത്തുന്നതാണ്.

മേൽ മുറികൾ തിരിച്ചു നൽകുന്നതും നഗരസഭ തിരിച്ചെടുത്ത സാഹചര്യത്തിൽ പുനർലേല നടപടികൾക്ക് ഉതകുന്ന രീതിയിൽ പുനർനിർമ്മിക്കേണ്ട സ്ഥിതി വരുന്ന സാഹചര്യത്തിൽ ആയതിന്റെ മുഴുവൻ ചിലവും മുൻ ലൈസൻസിയുടെ ഡെപ്പോസിറ്റ് തുകയിൽ നിന്നും കണ്ടെത്തുന്നതാണ്.

നഗരസഭയുടെ അനുമതി ഇല്ലാതെ താൽക്കാലിക ലൈസൻസി മുറികളിൽ സ്ഫോടക വസ്തുക്കൾ, സർക്കാർ നിരോധിത ഉല്പന്നങ്ങൾ (മദ്യവും മയക്കുമരുന്നുകൾ ലരേ.) വിൽക്കുന്നതിനും സൂക്ഷിക്കുന്നതിനും അധികാര മില്ലാത്തതാണ്. കൂടാതെ രാജ്യദ്രോഹ പ്രവർത്തനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ എന്നിവയിൽ ഏർപ്പെടുന്നതിനും യാതൊരു അധികാരവും അവകാശ വുമില്ലാത്തതാണ്. ആയത് കണ്ടെത്തുന്നതും ശ്രദ്ധയിൽപ്പെടുത്തുന്നതും പരാതികൾ ലഭ്യമാക്കുന്ന മുറയ്ക്ക് മറ്റൊരറിയിപ്പും കൂടാതെ മുറി തിരിച്ചെടുക്കുന്നതും നിയമനടപടികൾ സ്വീകരിക്കുന്നതുമാണ്.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള മുറികൾ/സ്ഥലം എന്നിവയ്ക്ക് നിശ്ചിത സമയപരിധി വരെ താൽക്കാലികമായി പ്രതിമാസ ലൈസൻസ് ഫീസ് കണക്കാക്കി നൽകുന്നതിനാൽ ടി മുറിയിൽ (സ്ഥലത്ത്) എന്നിവയ്ക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിനും താൽക്കാലിക ലൈസൻസി എന്ന നിലയിലോ അവരുടെ അവകാശികൾ എന്ന നിലയിലോ അവകാശം ഉന്നയിക്കുന്നതിനും യാതൊരു അവകാശവുമുണ്ടായിരിക്കുന്നതല്ലാത്തതാണ്.

മേൽ മുറികൾ/സ്ഥലം എന്നിവ സംബന്ധിച്ച എല്ലാ ലേല നടപടികളും 1994 ലെ കേരള മുനിസിപ്പൽ ആക്ട് പ്രകാരവും ആയതിൽ പ്രത്യേകം 215 ഉൾപ്പെടുന്ന നിയമത്തിലെയും കൂടാതെ നിലവിൽ ഉടമസ്ഥൻ എന്ന നിലനിൽക്കുന്ന ആനുകൂല്യ നിയമങ്ങൾക്കും നഗരസഭ കൗൺസിലിന്റെ മാത്രം അധികാരമായിരിക്കുന്നതാണ്.

മേൽ പ്രകാരം പ്രസ്താവിച്ചിട്ടുള്ള എല്ലാ വ്യവസ്ഥകളും നിബന്ധനകളും താൽക്കാലിക ലൈസൻസികൾ കെട്ടിടം/സ്ഥലം ഏറ്റെടുക്കുമ്പോൾ നഗരസഭയുമായി ഏർപ്പെടുന്ന കരാറിന്റെ ഭാഗമായി കണക്കാക്കുന്നതും ആയതിന്റെ ലംഘനം കരാർ ലംഘനമായി കണക്കാക്കേണ്ടതുമാണ്.

മേൽ പ്രസ്താവിച്ചിട്ടുള്ള എല്ലാ നിബന്ധനകളിലും വ്യവസ്ഥകളിലും നിയമാനുസൃതം എന്തെങ്കിലും വിശദീകരണം നൽകുന്നതിനോ ഭേദഗതി വരുത്തുന്നതിനോ തലശ്ശേരി നഗരസഭ കൗൺസിലിനു മാത്രം അധികാരമുള്ളതും ആയത് സംബന്ധിച്ച തീരുമാനങ്ങൾ അന്തിമമായിരിക്കും.

| ക്രമ നം | ലേലം/ ഓഫർ സമർപ്പി ക്കേണ്ട തീയ്യതി | കോംപ്ലക്സ് | മുറി നം | ഡിപ്പോസിറ്റ് | മുറി വാടക |
|---|---|---|---|---|---|
| 1 | 04.07.2026 | ടൌൺ ഹാൾ കോംപ്ലക്സ് | SF-1 (ലേലം) | 2,00,000 | 5,000 |
| 2 | | ടൌൺ ഹാൾ കോംപ്ലക്സ് | F-2 (ലേലം) | 50,000 | 3,000 |
| 3 | | ടൌൺ ഹാൾ കോംപ്ലക്സ് | SF-2 (ഓഫർ) | 2,00,000 | 4,800 |
| 4 | | ടൌൺ ഹാൾ കോംപ്ലക്സ് | S1,S12(ഓഫർ) | 60,000 | 5,000 |
| 5 | | ടൌൺ ഹാൾ കോംപ്ലക്സ് | SF-6 (ഓഫർ) | 2,00,000 | 3,000 |
| 6 | | ടൌൺ ഹാൾ കോംപ്ലക്സ് | SF-7 (ഓഫർ) | 50,000 | 2,000 |
| 7 | | ടൌൺ ഹാൾ കോംപ്ലക്സ് | SF-8 (ഓഫർ) | 14,400 | 2,400 |

| | | | | | |
|---|---|---|---|---|---|
| 8 | | ടൌൺ ഹാൾ കോംപ്ലക്സ് | SF-9 (ഓഫർ) | 14,400 | 2,400 |
| 9 | | ടൌൺ ഹാൾ കോംപ്ലക്സ് | S5,S8 (ഓഫർ) | 78,000 | 6,500 |
| 10 | 04.07.2026 | പുതിയ ബസ് സ്റ്റാന്റ് അരയാലിനു സമീപം | GF-7 (ലേലം) | 10,00,000 | 15,000 |
| 11 | | പുതിയ ബസ് സ്റ്റാന്റ് അരയാലിനു സമീപം | FF-1 (ഓഫർ) | 5,50,000 | 6,000 |
| 12 | | പുതിയ ബസ് സ്റ്റാന്റ് അരയാലിനു സമീപം | FF-2 (sc/st) (ഓഫർ) | 5,00,000 | 9,000 |
| 13 | | പുതിയ ബസ് സ്റ്റാന്റ് അരയാലിനു സമീപം | FF-3 (ഓഫർ) | 8,00,000 | 7,000 |
| 14 | | പുതിയ ബസ് സ്റ്റാന്റ് അരയാലിനു സമീപം | FF-4 (ഓഫർ) | 7,00,000 | 15,000 |
| 15 | | പുതിയ ബസ് സ്റ്റാന്റ് അരയാലിനു സമീപം | FF-7 (ഓഫർ) | 5,00,000 | 7,000 |
| 16 | | പുതിയ ബസ് സ്റ്റാന്റ് അരയാലിനു സമീപം | FF-9(SC/ST) (ഓഫർ) | 32,700 | 10,900 |
| 17 | | പുതിയ ബസ് സ്റ്റാന്റ് അരയാലിനു സമീപം | Sheeted Hall(ഓഫർ) | 1,00,000 | 10,000 |
| 18 | 04.07.2026 | മൂപ്പൻസ് കോംപ്ലക്സ് | MC-5CFF (ഓഫർ) | 50,000 | 2,500 |
| 19 | | മൂപ്പൻസ് കോംപ്ലക്സ് | MC-7FF (ഓഫർ) | 50,000 | 3,500 |

| | | | | | |
|---|---|---|---|---|---|
| 20 | | മൂപ്പൻസ് കോംപ്ലക്സ് | MC-8AFF (ഓഫർ) | 50,000 | 4,000 |
| 21 | | മൂപ്പൻസ് കോംപ്ലക്സ് | MC-8BFF (ഓഫർ) | 1,50,000 | 2,500 |
| 22 | 04.07.2026 | കീർത്തി കോംപ്ലക്സ് | FF-2 (ഓഫർ) | 5,00,000 | 5,000 |
| 23 | | കീർത്തി കോംപ്ലക്സ് | FF-3 (ഓഫർ) | 7,00,000 | 10,000 |
| 24 | | കീർത്തി കോംപ്ലക്സ് | FF-5 (ഓഫർ) | 7,00,000 | 10,000 |
| 25 | | കീർത്തി കോംപ്ലക്സ് | FF-6 (ഓഫർ) | 7,00,000 | 10,000 |
| 26 | 04.07.2026 | ജൂബിലി കോംപ്ലക്സ് | BF-9 (ഓഫർ) | 2,16,000 | 6,000 |
| 27 | | ജൂബിലി കോംപ്ലക്സ് | BF-14 (ഓഫർ) | 7,50,000 | 6,000 |
| 28 | | ജൂബിലി കോംപ്ലക്സ് | BF-12 (ഓഫർ) | 2,00,000 | 6,000 |
| 29 | | ജൂബിലി കോംപ്ലക്സ് | BF-15 (ഓഫർ) | 7,50,000 | 6,000 |
| 30 | | ജൂബിലി കോംപ്ലക്സ് | CF-10 (ഓഫർ) | 4,00,000 | 5,000 |
| 31 | | ജൂബിലി കോംപ്ലക്സ് | BG-14 (ഓഫർ) | 20,00,000 | 10,000 |
| 32 | | ജൂബിലി കോംപ്ലക്സ് | DF-1(sc/st) (ഓഫർ) | 30,000 | 5,000 |

| | | | | | |
|---|---|---|---|---|---|
| 33 | | ജൂബിലി കോംപ്ലക്സ് | EG-7(ഓഫർ) | 20,00,000 | 19,700 |
| 34 | 04.07.2026 | പുതിയ ബസ് സ്റ്റാന്റ് പഴയ കോംപ്ലക്സ് | SF-6 (ഓഫർ) | 2,00,000 | 4,000 |
| 35 | | പുതിയ ബസ് സ്റ്റാന്റ് പഴയ കോംപ്ലക്സ് | FF-13 B (ഓഫർ) | 2,00,000 | 5,000 |
| 36 | | പുതിയ ബസ് സ്റ്റാന്റ് പഴയ കോംപ്ലക്സ് | FF-13 C (ഓഫർ) | 2,00,000 | 5,000 |
| 37 | | പുതിയ ബസ് സ്റ്റാന്റ് പഴയ കോംപ്ലക്സ് | FF-14 B (ഓഫർ) | 2,00,000 | 5,000 |
| 38 | | പുതിയ ബസ് സ്റ്റാന്റ് പഴയ കോംപ്ലക്സ് | SF-6D (ഓഫർ) | 2,00,000 | 4,640 |
| 39 | | പുതിയ ബസ് സ്റ്റാന്റ് പഴയ കോംപ്ലക്സ് | SF-6F (ഓഫർ) | 1,50,000 | 5,000 |
| 40 | | പുതിയ ബസ് സ്റ്റാന്റ് പഴയ കോംപ്ലക്സ് | SF-5A (ഓഫർ) | 2,00,000 | 5,000 |
| 41 | 04.07.2026 | കണ്ടിക്കൽ എസ്റ്റേറ്റ് | 15/165 D(ലേലം) | 90,000 | 2,500 |
| 42 | | കണ്ടിക്കൽ എസ്റ്റേറ്റ് | 15/165 U(sc/st) (ഓഫർ) | 36,000 | 2,000 |
| 43 | | ടി ബി കോംപ്ലക്സ് | 47/138 (ഓഫർ) | 5,65,000 | 4,320 |
| 44 | 04.07.2026 | മഞ്ഞോടി മത്സ്യമാർക്കറ്റ് കെട്ടിടം | 18 മുറികൾ (ലേലം) | 1,00,000 രൂപ വീതം | 6,500 രൂപ വീതം |

മേൽ മുറികളുടെ ലേലം/പുനർലേലം/ഓഫർ സംബന്ധിച്ച വിശദ വിവരങ്ങൾ നഗരസഭാ ഓഫീസിൽ റവന്യു വിഭാഗത്തിൽ നിന്നും ലഭ്യമാണ്.

സെക്രട്ടറി

തലശ്ശേരി നഗരസഭ.

**ഓഫീസ് നോട്ടീസ് ബോർഡ്**

**തലശ്ശേരി, തിരുവങ്ങാട്, കോടിയേരി -വില്ലേജ് ഓഫീസ്**

**ബോർഡിൽ**

**ബഹു. ചെയർമാന്റെയും, വൈസ് ചെയർമാന്റെയും മേശപ്പുറത്ത്.**